"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ:ഇ7/10912/2017

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തി നഗർ, തിരുവനന്തപുരം-01,
തീയതി: 07.04.2017.

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - 2017-18 - ഐ.ടി.ഐകളിലെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കുള്ള ശുപാർശ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 2017-18-ലെ സംസ്ഥാന ബജറ്റ്.

**********

2017-18-ലെ സംസ്ഥാന ബജറ്റിൽ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി 8,14,92,000/- (എട്ടു കോടി പതിനാലു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം രൂപ മാത്രം) 2230-03-101-87-ഐ.ടി.ഐകളുടെ നവീകരണം 17-ചെറുകിട മരാമത്തു പണികൾ (പ്ലാൻ) 2017-18 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. പ്രധാനമായും താഴെപ്പറയുന്ന പ്രവൃത്തികൾക്കായാണ് തുക വകയിരുത്തിയിട്ടുള്ളത്.

1. ഐ.ടി.ഐ ക്ലാസ്സ് റൂമുകളുടെയും പരിശീലനാലയങ്ങളുടെയും പുനരുദ്ധാരണം.
2. ഐ.ടി.ഐകളുടെ വൈദ്യുതീകരണവും റീവയറിംഗും.
3. ഐ.ടി.ഐ ട്രെയിനികളുടെ നിലവിലുള്ള ഹോസ്റ്റലുകൾ നവീകരിച്ച് മാതൃക ഹോസ്റ്റലുകളായി ഉയർത്തൽ.
4. ഐ.ടി.ഐകളുടെ ചുറ്റുമതിൽ, കൈവഴികൾ, ചെറു റോഡുകൾ നവീകരിക്കൽ, ജലവിതരണ സംവിധാനം മെച്ചപ്പെടുത്തൽ, മഴവെള്ള സംഭരണി, ഐ.ടി.ഐകളിൽ സോളാർ, കാറ്റ് തുടങ്ങിയ മിശ്രജ ഊർജ്ജ സംവിധാനം.
5. അന്താരാഷ്ട്ര നിലവാരമുള്ള പുതിയ കെട്ടിടങ്ങളുടെ നിർമ്മാണവും അധികമുള്ള സിവിൽ ജോലികളുടെ പൂർത്തീകരണവും.
6. ഐ.ടി.ഐകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സിവിൽ ജോലികളുടെ പൂർത്തീകരണം.

മേൽപ്പറഞ്ഞതിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഐ.ടി.ഐകളിൽ നിന്നും ശുപാർശ സമർപ്പിക്കുവാനുണ്ടെങ്കിൽ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതിനുള്ള പ്രവൃത്തികൾക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നിശ്ചിത പ്രഫോർമയിൽ <u>20.04.2017-നകം ട്രെയിനിംഗ് ഡയറക്ടറേറ്റിൽ</u> ലഭിക്കത്തക്ക വിധം ലഭ്യമാക്കേണ്ടതാണ്.

a. മേൽപറഞ്ഞ 6 പ്രവൃത്തികൾക്കും പ്രത്യേകം പ്രത്യേകം പ്രഫോർമകൾ ഉപയോഗിക്കണം. (അനുബന്ധം 1)

b. ഓരോ പ്രഫോർമയ്ക്കും ഒപ്പം ചോദ്യാവലിക്കും പൂരിപ്പിച്ചു നൽകണം. (അനുബന്ധം 2)

c. GO(P)No.339/2015/Fin dated 07.08.2015, GO(P)No.453/2015/Fin dated 09.10.2015 എന്നീ സർക്കാർ ഉത്തരവുകളിൽ നിർദ്ദേശിച്ചിട്ടുള്ള നിർവഹണ ഏജൻസികളിൽ നിന്നുള്ള വിശദമായ പ്ലാനും എസ്റ്റിമേറ്റും ഓരോ ശുപാർശയ്ക്കും ഒപ്പം ഉണ്ടാകണം.

d. ഓരോ പ്രവൃത്തിക്കും പ്രത്യേകം പ്രത്യേകം ആമുഖ കത്തോടു കൂടി വേണം ശുപാർശകൾ സമർപ്പിക്കുവാൻ.

e. ആമുഖ കത്തിൽ പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും ചെലവു ശീർഷകവും വ്യക്തമായി പരാമർശിച്ചിരിക്കണം.

f. മുൻപ് ടി പ്രവൃത്തികൾക്കായി ശുപാർശ നൽകിയിട്ടുണ്ടെങ്കിൽ അക്കാര്യം ആമുഖ കത്തിൽ വ്യക്തമാക്കിയിരിക്കണം.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

To

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും.

<u>പകർപ്പ്:-</u>

എസ്.എസ് (ഐ)

ആർ.ഇ.5.4.17

***അനുബന്ധം-1***

## 2017-18 ലെ നിർമ്മാണ പ്രവൃത്തികൾക്കു വേണ്ടിയുള്ള പ്രഫോർമ

**ശീർഷകം 2230-03-101-87 Modernisation of ITIs-17 Minor Works (Plan)-2017-18**

ഐ.ടി.ഐയുടെ പേര്:

പ്രവൃത്തിയുടെ സ്വഭാവം:*

| ക്രമ നം. | അടങ്കൽ തുക | എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയ നിർവഹണ ഏജൻസി | ഏത് ട്രേഡിലേക്കാണെന്ന വിവരം | മറ്റിനം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |

**പ്രിൻസിപ്പാളിന്റെ പേരും ഒപ്പും**

* (ചുറ്ററിയിപ്പിൽ പരാമർശിച്ചിരിക്കുന്ന 1 മുതൽ 6 വരെയുള്ള പ്രവൃത്തികളിൽ പ്രവൃത്തികളുടെ സ്വഭാവം ഏതെന്ന വിവരം ക്രമ നമ്പർ സഹിതം രേഖപ്പെടുത്തണം)

*ആർ.ഇ.5.4.17*

അനുബന്ധം-2

ഐ.ടി.ഐയുടെ പേര്:

പ്രവൃത്തിയുടെ സ്വഭാവം:

## ചോദ്യാവലി

1. 2017-18 ലേക്ക് ഐ.ടി.ഐകളിൽ നിന്നും നൽകിയ ബജറ്റ് ശുപാർശകളിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നോ :
2. ഐ.ടി.ഐകളുടെ വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ :
3. മാസ്റ്റർ പ്ലാനിൽ ടി പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ടോ :
4. നിർവഹണ ഏജൻസി :
5. ടി ഏജൻസിയെ തെരഞ്ഞെടുക്കാൻ കാരണം :
6. മറ്റെന്തെങ്കിലും വിവരം നൽകാനുണ്ടെങ്കിൽ അത് :

തീയതി:

പ്രിൻസിപ്പാളിന്റെ പേരും ഒപ്പും

ആർ.ഇ.5.4.17